# വ്യവസായ കേരളം

91

NEWSLETTER OF
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

ഓണാശംസകൾ

01 SEPTEMBER 2025




## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

# 600 കോടി രൂപയുടെ ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം

### ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു

ഇൻഡസ്ട്രി ഇനി ഇൻവെസ്റ്റ്

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ കേരളത്തിന് ലഭിച്ച അദാനി ഗ്രൂപ്പിന്റെ 600 കോടി രൂപയുടെ ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം എറണാകുളം കളമശ്ശേരിയിൽ വച്ച് നടന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. ഐ.കെ.ജി.എസിലെ നിക്ഷേപ വാഗ്ദാനം അതിവേഗത്തിൽ നിർമ്മാണ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ കേരളത്തിന്റേയും കളമശ്ശേരിയുടെയും വ്യവസായ ചരിത്രത്തിലെ വലിയ ചുവടുവെയ്പായി അദാനി ലോജിസ്റ്റിക്സ് പാർക്ക് മാറും. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ കേരളത്തിന് ലഭിച്ച പദ്ധതികളിൽ 97ആമത്തെ പദ്ധതിയാണ് ആരംഭിച്ചത്.

വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി അതിവേഗം മുന്നേറുന്ന സംസ്ഥാനത്തിന് ദേശീയ, ആഗോള വ്യാവസായിക ഭൂപടത്തിൽ ഉറച്ച സ്ഥാനം നേടിക്കൊടുക്കാൻ അദാനി ലോജിസ്റ്റിക്സ് പാർക്ക് പോലെ വൻകിട പദ്ധതികൾക്കു കഴിയുമെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.



ഈ പദ്ധതിയിലൂടെ ആയിരക്കണക്കിന് തൊഴിലവസരങ്ങളും കളമശ്ശേരിയിൽ സൃഷ്ടിക്കപ്പെടും. 70 ഏക്കർ ഭൂമിയിൽ 13 ലക്ഷം ചതുരശ്ര അടിയിലധികം വിസ്തൃതിയുള്ള സംയോജിത ലോജിസ്റ്റിക്സ് പാർക്ക് ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയായിരിക്കും പ്രവർത്തിക്കുക. ഗതാഗതച്ചെലവ് കുറയ്ക്കുന്നതിനൊപ്പം ഇ-കൊമേഴ്സ്, എഫ്.എം.സി.ജി., ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽ, റീട്ടെയിൽ എന്നീ മേഖലകളിലെ കയറ്റുമതി വർധിപ്പിക്കുന്നതിനുമായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇ.വി ചാർജിംഗ് സ്റ്റേഷനുകൾ, ഡിജിറ്റൽ ഇന്റഗ്രേഷൻ, സ്മാർട്ട് ലോജിസ്റ്റിക്സ് സൊല്യൂഷൻസ് എന്നിവയും ഇവിടെ ഒരുക്കുന്നുണ്ട്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ശക്തമായ പിന്തുണ നൽകാനും പദ്ധതിക്ക് സാധിക്കും.

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

## പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പുരസ്കാരം വിതരണം ചെയ്തു




2024- 2025 വർഷത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളെ പ്രഖ്യാപിച്ചു. 2025 ഓഗസ്റ്റ് 25ന് കൊച്ചിയിലെ റിനൈ ഹോട്ടലിൽ നടന്ന ചടങ്ങിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പുരസ്കാരം വിതരണം നിർവ്വഹിച്ചു. കാഷ് അവാർഡും, ശില്പവും പ്രശസ്തി പത്രവുമാണ് പുരസ്കാരം. 2023-24 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളെയാണ് അവാർഡിനായി പരിഗണിച്ചത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മികവിലേക്കുയർത്തുന്നതിനായി വ്യവസായ വകുപ്പ് ആരംഭിച്ചതാണ് പി.എസ്.യു അവാർഡ്സ്.

200 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡും (KELTRON) 100 കോടി മുതൽ 200 കോടി രൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും 50 കോടി മുതൽ 100 കോടി രൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡും 50 കോടി രൂപയിൽ താഴെ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കെൽട്രോൺ ഇലക്ട്രോസെറാമിക്സ് ലിമിറ്റഡിനെയും സംസ്ഥാനത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളായി തിരഞ്ഞെടുത്തു.

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്ങ്സ് ലിമിറ്റഡ് എം.ഡി കമാൻഡർ (റിട്ട.) ശ്രീ. പി. സുരേഷ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് എം. ഡി ഡോ. പ്രതീഷ് പണിക്കർ എന്നിവർക്കാണ് മികച്ച മാനേജിംഗ് ഡയറക്ടർ പുരസ്കാരം ലഭിച്ചത്.

വ്യവസായ വാണിജ്യ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ്., കെഎസ്ഐഡിസി ചെയർമാൻ ശ്രീ. സി. ബാലഗോപാൽ തുടങ്ങിയവർ പുരസ്കാര വിതരണ ചടങ്ങിൽ പങ്കെടുത്തു.

# കെ.എ.എൽ-ലോർഡ്സ് ടെക്നോളജീസ് പ്രൈ. ലിമിറ്റഡിന്റെ ഇലക്ട്രിക്ക് സ്കൂട്ടർ-ട്രൈ സ്കൂട്ടർ നിർമ്മാണ യൂണിറ്റ്

## ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നാടിന് സമർപ്പിച്ചു





കേരള സർക്കാർ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രമുഖ ഇലക്ട്രിക്ക് മുച്ചക്ര വാഹന നിർമ്മാതാക്കളായ കേരള ഓട്ടോ മൊബൈൽസിന്റെയും മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇലക്ട്രിക്ക് ടു വീലർ - ത്രീ വീലർ നിർമാതാക്കളായ ലോർഡ്സ് ഓട്ടോമേറ്റിവ് പ്രൈവറ്റ് ലിമിറ്റഡ് (LORDS AUTOMATIVE PVT LTD ) ന്റെയും സംയുക്ത സംരംഭം ആയ KAL LORDS TECHNOLOGIES Pvt Ltd ന്റെ ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മാണ യൂണിറ്റ് ഉദ്ഘാടനവും ആദ്യ വില്പനയും ട്രൈ സ്കൂട്ടറുകളുടെ ഫ്ലാഗ് ഓഫും ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു.

ഈ സംയുക്ത സംരംഭത്തിലൂടെ മികച്ച ഇലക്ട്രിക് വാഹനങ്ങൾ നിർമ്മിച്ചുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാർക്കറ്റ് ചെയ്ത് കമ്പനിക്ക് മുന്നേറാനാകുമെന്നാണ് പ്രതീക്ഷ. ഒറ്റത്തവണ ചാർജ് ചെയ്താൽ 120 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയുന്നതാണ് സംയുക്ത സംരംഭത്തിലെ പുതു വാഹനങ്ങൾ.

2025 ഓഗസ്റ്റ് 20ന് നടന്ന ചടങ്ങിൽ ബഹു. നെയ്യാറ്റിൻകര എം.എൽ.എ ശ്രീ. കെ. ആൻസലൻ അധ്യക്ഷത വഹിച്ചു.കെ.എ.എൽ ലോർഡ്സ് ടെക്നോളോജിസ് പ്രൈ. ലിമിറ്റഡ് ഡയറക്ടർ ഡോ. സുനിൽ കോർഗായോംഗർ മുഖ്യ അതിഥിയായി പങ്കെടുത്ത ചടങ്ങിൽ വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. കെ.എ.എൽ ചെയർമാൻ ശ്രീ. പുല്ലുവിള സ്റ്റാൻലി, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ.കെ അജിത്കുമാർ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## PMFME വിജയ ഗാഥകൾ



പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി (പി.എം.എഫ്.എം.ഇ.) എറണാകുളം ജില്ലയിലെ ആലങ്ങാട് പഞ്ചായത്തിൽ സംസ്ഥാന വ്യവസായ വകുപ്പിന്റെയും കേരള ഗ്രാമീൺ ബാങ്ക്, വരാപ്പുഴ ശാഖയുടെയും സഹകരണത്തോടെ ശ്രീ. മഗേഷ് രാജൻ എന്ന സംരംഭകന്റെ ഉടമസ്ഥതയിൽ RCR എന്റർപ്രൈസസ് എന്ന സ്ഥാtപനം 2025 ആഗസ്റ്റ് 24 ആം തീയതിയിൽ പ്രവർത്തനം ആരംഭിച്ചു. ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സംരംഭം ഉദ്ഘാടനം ചെയ്തു.

കായം, കായപ്പൊടി തുടങ്ങിയ വിവിധ ഭക്ഷ്യ ഉത്പന്നങ്ങളാണ് നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ ഈ സംരംഭം മാർക്കറ്റിൽ എത്തിക്കുന്നത്. പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം കേരള ഗ്രാമീൺ ബാങ്ക്, വരാപ്പുഴ ശാഖയിൽ നിന്നും ₹12,30,000 ബാങ്ക് വായ്പയായി നേടി ആരംഭിച്ചിരിക്കുന്ന സംരംഭത്തിലൂടെ 2 പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപന ഉടമ കൂടിയാണ് ഇപ്പോൾ ശ്രീ. മഗേഷ് രാജൻ.

# കാർഷികോത്സവത്തിനൊപ്പം കേരള സംസ്ഥാന ബാംബൂ മിഷനും, പി.എം.എഫ്.എം.ഇ. പദ്ധതിയും




എറണാകുളം കളമശ്ശേരിയുടെ കാർഷിക സംസ്കാരമാകെ മാറ്റിയെഴുതിക്കൊണ്ട് കാർഷിക സമൃദ്ധമായ കളമശ്ശേരി സൃഷ്ടിച്ചുകൊണ്ട് കർഷകരെ കൈപിടിച്ചുയർത്തിയ 'കൃഷിക്കൊപ്പം കളമശ്ശേരി'പദ്ധതിയുടെ 3.0 എഡിഷൻ സിനിമ താരം ശ്രീ. പൃഥ്വിരാജ് ഉദ്ഘാടനം ചെയ്തു. 2025 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 2 ആം തീയതി വരെ എട്ടു ദിവസം നീണ്ടു നിൽക്കുന്ന പരിപാടിയുടെ ഉദ്ഘാടന വേദിയിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു.

കൃഷിക്കൊപ്പം കളമശ്ശേരി കാർഷികോത്സവത്തിൽ സന്ദർശകരുടെയും സംഘാടകരുടെയും മനം നിറക്കുന്ന സ്റ്റാളുകൾ ഒരുക്കി പ്രശംസ പിടിച്ചു പറ്റുകയാണ് കേരള സംസ്ഥാന ബാംബൂ മിഷനും, പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതിയും. കേരള സംസ്ഥാന ബാംബൂ മിഷന്റെ ഭാഗമായി ഒരുക്കിയിരിക്കുന്ന സ്റ്റാളിൽ 6 മുള കരകൗശല വിദഗ്ധർ ഉത്പന്ന പ്രദർശനവും വിപണനവും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തങ്ങളുടെ വൈവിധ്യ ഉത്പന്ന നിർമ്മാണ ചാരുതി പ്രദർശിപ്പിക്കുന്ന തത്സമയ ഡെമോ പ്രദർശനവും സ്റ്റാളിനോടനുബന്ധമായി ഒരുക്കിയിട്ടുണ്ട്.

പി.എം.എഫ്.എം.ഇ. പദ്ധതിയുടെ ഭാഗമായി 12 സ്റ്റാളുകളാണ് കാർഷികോത്സവത്തിൽ ഭാഗഭാക്കാകുന്നത്. എറണാകുളം ജില്ലയിലെ തിരഞ്ഞെടുത്ത ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വേറിട്ട രുചി വിളിച്ചറിയിക്കുന്ന സ്റ്റാളുകൾ ജനശ്രദ്ധ പിടിച്ചു പറ്റുകയാണ്. കളമശ്ശേരിയുടെ കാർഷിക സംസ്കാരം തിരിച്ചുപിടിച്ചുകൊണ്ട് കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതി സമാനതകളില്ലാത്ത ചരിത്രം തീർക്കുമ്പോൾ കാർഷിക ഉത്പന്നങ്ങൾ പി.എം.എഫ്.എം.ഇ. പദ്ധതിയിലൂടെ ഭക്ഷ്യ സംസ്കരണ മേഖലയിലെ പുതു രുചികൾ തീർത്ത് വിളമ്പുകയാണ്.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.